**SUNDAY** 09/02/2025 **ഞായറാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT**

**GOVERNMENT OF KERALA**


**Chief Editor:** Suresh A R **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/02/2025

1. കേരളത്തിലെ കാർഷിക മേഖലയുടെ സമഗ്ര വളർച്ചയ്ക്കും, സംരംഭകത്വം, മൂല്യ വർധിത ഉൽപ്പന്ന നിർമ്മാണം, വിപണി ലക്ഷ്യമിട്ടുള്ള ഉല്പാദനപ്രക്രിയ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും, രാജ്യത്തുടനീളം നടന്നുവരുന്ന 10,000 എഫ്പിഒ മേള 2025 കേരളത്തിൽ ഫെബ്രുവരി 21 മുതൽ 23 വരെ കോഴിക്കോട് ട്രേഡ് സെന്ററിൽ സംഘടിപ്പിക്കുന്നു. കേന്ദ്ര, സംസ്ഥാന കൃഷി വകുപ്പുകൾ, SFAC എന്നിവ സംയുക്തമായാണ് എഫ് പി ഒ മേള സംഘടിപ്പിക്കുന്നത്. മേളയുടെ ഭാഗമായി, ബിസിനസ്-ടു-ബിസിനസ് (B2B Meet) സംഘടിപ്പിക്കുന്നു. എഫ് പി ഒ കളുടെ ഉൽപ്പന്നങ്ങൾ സ്ഥിരമായി ലഭിക്കാൻ താല്പര്യമുള്ള വ്യാപാരികൾ, വ്യക്തികൾ, സംഘടനകൾ എന്നിവയുമായി ബി 2 ബി മീറ്റിലൂടെ ധാരണാപത്രത്തിലെത്താനുള്ള സൗകര്യവും ലഭിക്കും. കേരളത്തിലുടനീളമുള്ള 50 ഓളം എഫ്.പി.ഒ കളുടെ സ്റ്റാളുകൾ പ്രദർശനത്തിനുണ്ടാകും. ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് സ്റ്റാളുകളിൽ നിന്നും വാങ്ങാനുള്ള സൗകര്യം ലഭിക്കും. മേളയുടെ ഭാഗമായി എഫ്.പി.ഒ അംഗങ്ങൾ, കർഷകർ, സംരംഭകർ എന്നിവർക്കായി വിദഗ്ദർ നയിക്കുന്ന ബോധവൽക്കരണക്ലാസ്സുകളുണ്ടാകും. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് (www.keralaagriculture.gov.in) സന്ദർശിക്കുകയോ, 9600973695, 6282290993 എന്നീ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യാം.

2. കുട്ടനാട്ടിൽ പുഞ്ചകൃഷി ഇറക്കിയ ചില പാടശേഖരങ്ങളിൽ മുഞ്ഞയുടെ സാന്നിദ്ധ്യം കാണുന്നുണ്ട്. കർഷകർ ജാഗ്രത പുലർത്തേണ്ടതും നിരന്തരം നെൽച്ചെടിയുടെ ചുവട്ടിൽ പരിശോധന നടത്തേണ്ടതുമാണ്. പകൽ സമയത്തെ കഠിന ചൂടും, രാത്രിയിലെ തണുപ്പുമായ കാലാവസ്ഥയിൽ മുഞ്ഞ കൂടുതലായി പകരാനുള്ള സാദ്ധ്യതയുണ്ട്. എന്നാൽ മിക്കയിടങ്ങളിലും മുഞ്ഞയുടെ മുട്ടകളെ ആഹാരമാക്കുന്ന മിറിഡ് ചാഴികൾ കാണപ്പെടുന്നു. ഈ സാഹചര്യത്തിൽ

കർഷകർ വളരെ കരുതലോട്ടു കൂടിയിരിക്കണം. സാങ്കേതിക നിർദ്ദേശ പ്രകാരമല്ലാതെ ഒരു കീടത്തിനെതിരേയും രാസകീടനാശിനികൾ പ്രയോഗിക്കരുത്. കൃഷിയിടത്തിൽ പ്രയോഗിക്കുന്ന ഏതൊരു കീടനാശിനിയും തുടർന്ന് മുഞ്ഞയുടെ വംശവർദ്ധനവിന് ഇടയാക്കുമെന്നതിനാൽ, ഇക്കാര്യത്തിൽ കർഷകർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം. കീടനിരീക്ഷണകേന്ദ്രം ഉദ്യോഗസ്ഥർ അതാത് കൃഷിയിടങ്ങൾ സന്ദർശിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതാണ്. ഇതിനായി കർഷകർക്ക് 8547865338, 9074306585 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

3. കന്നുകാലി ഇൻഷുറൻസിന് ധനസഹായം ജില്ലാ പഞ്ചായത്ത് 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീരവികസന വകുപ്പു മുഖേന ക്ഷീരകർഷകർക്ക് കന്നുകാലികളെ ഇൻഷുർ ചെയ്യുന്നതിന് ധനസഹായം അനുവദിക്കുന്നു. താൽപര്യമുള്ള കർഷകർ വിശദവിവരത്തിന് അതത് ബ്ലോക്കുകളിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടണമെന്ന് ക്ഷീരവികസന വകുപ്പ് കോട്ടയം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

## പരിശീലന പരിപാടി

4. തവനൂർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ICAR ആര്യ പദ്ധതിയുടെ ഭാഗമായി പഴം, പച്ചക്കറി സംസ്കരണ മേഖലയുമായി ബന്ധപ്പെട്ട സംരംഭങ്ങൾ ആരംഭിക്കാൻ താൽപര്യപ്പെടുന്ന 45 വയസിൽ താഴെയുള്ളവർക്കായി "പഴം, പച്ചക്കറി സംസ്കരണ മേഖലയിലെ സംരംഭകത്വ വികസനവും സാധ്യതകളും" എന്ന വിഷയത്തിൽ 24/02/2025 - 28/02/2025 വരെ ഒരാഴ്ച നീളുന്ന സൗജന്യ പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു. മലപ്പുറം ജില്ലയിലെ തവനൂർ, കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് രാവിലെ 10 മാണി മുതൽ 4 മാണി വരെയാണ് പരിശീലനം. ക്ലാസ്സിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 11.02.2025 നു 10 മണിക്ക്

മുൻപായി 8547193685 എന്ന നമ്പറിൽ ഫോൺ ചെയ്തു രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന സംരംഭം തുടങ്ങാൻ താൽപ്പര്യമുള്ള 35 പേർക്കാണു അവസരം ലഭിക്കുക.

5. കോട്ടയം, ഈരയിൽക്കടവിലുള്ള ക്ഷീരപരിശീലനകേന്ദ്രത്തിൽ വെച്ച് 2025 ഫെബ്രുവരി 11 മുതൽ 21 വരെ (ഞായറാഴ്ച ഒഴികെ) പത്തുദിവസത്തെ ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഫെബ്രുവരി 11ന് രാവിലെ പത്തുമണിക്കു ക്ഷീരപരിശീലന കേന്ദ്രത്തിൽ എത്തണം. രജിസ്ട്രേഷൻ ഫീസ് 135 രൂപ. ഭക്ഷണം ക്ഷീരപരിശീലന കേന്ദ്രത്തിൽ ക്രമീകരിക്കുന്നതാണ്.ഫോൺ: 0481-2302223.

6. കേരള വെറ്ററിനറി ആൻ്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ മണ്ണുത്തിയിലെ വർഗ്ഗീസ് കുര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെയറി ആൻ്റ് ഫുഡ് ടെക്നോളജി കോളേജിൽ വെച്ച് രണ്ട് ദിവസത്തെ ചീസ് നിർമ്മാണ പരിശീലനപരിപാടി നടത്തുന്നു. 2025 ഫെബ്രുവരി 21, 22 തിയ്യതികളിൽ രാവിലെ 9 മുതൽ വൈകീട്ട് 4 വരെയാണ് പരിശീലനം.രജിസ്ട്രേഷൻ ഫീസ് 2250 രൂപ പരിശീലനത്തിൽ പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റ് നൽകുന്നതാണ് കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും ബന്ധപ്പെടേണ്ട നമ്പർ 9495796738, 6282164192.

7. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ എഞ്ചിനീയറിങ് & പ്രോസസ്സിങ് ഡിവിഷനിൽ 'ഗ്രാജുവേറ്റ് എഞ്ചിനീയർ ട്രെയിനികളെ' താൽക്കാലികാടിസ്ഥാനത്തിൽ വാക്ക്-ഇൻ ഇന്റർവ്യൂ വഴി നിയമിക്കുന്നു. സിവിൽ എഞ്ചിനീയറിങ്ങിലോ ഇലക്ട്രിക്കൽ എഞ്ചിനീയറിങ്ങിലോ 60 ശതമാനം മാർക്കോടെ ബിടെക് ബിരുദം ഉണ്ടായിരിക്കണം. സൂപ്പർവിഷൻ, എസ്റ്റിമേഷൻ എന്നിവയിൽ ഒരു വർഷത്തെ പരിചയവും ഉണ്ടായിരിക്കണം. കാഡ് (CAD)

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലുള്ള അറിവ് അഭികാമ്യം. 2025 ജനുവരി 01 ന് പ്രായം 27 വയസ്സ് കവിയരുത്. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ പ്രായം, യോഗ്യത, പരിചയം എന്നിവ തെളിയിക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റുകൾ സഹിതം 2025 ഫെബ്രുവരി 19 -ന് രാവിലെ 10.00 മണിക്ക് ജോയിന്റ് ഡയറക്ടർ (ഇ & പി), എഞ്ചിനീയറിങ് & പ്രോസസ്സിങ് ഡിവിഷൻ കോട്ടയം -686009 മുമ്പാകെ ഹാജരാകണം. വിശദാംശങ്ങൾക്ക് www.rubberboard.org.in സന്ദർശിക്കുക. ഫോൺ: 0481-2353311 (എക്സ്റ്റൻഷൻ-236)

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം